# FIRST BELL-2
# SOCIAL SCIENCE -I
## CHAPTER-8




BIJU KK, GHSS TUVVUR, MALAPPURAM 2021-22



PLAY

BIJU KK, GHSS TUVVUR, MALAPPURAM 2021-22

1498

മെയ്

20

ഞായർ

'സമീപസ്ഥമായി മനോഹരമായ മലനിരകൾ ഉണ്ടായിരുന്നു. ഞങ്ങളുടെ വഴികാട്ടിക്ക് സ്ഥലം പെട്ടെന്ന് കൃത്യമായി തിരിച്ചറിയാൻ പറ്റിയില്ല. കരയോട് കുറേക്കൂടി അടുത്തപ്പോൾ അയാൾ പറഞ്ഞു, നമ്മൾ കലെക്കുറ്റിന് വടക്കായിട്ടാണെന്നും ഇതുതന്നെയാണ് നമ്മുടെ ലക്ഷ്യസ്ഥാനമെന്നും . അന്നുരാത്രി കലെക്കുറ്റ് പട്ടണത്തിന് രണ്ടുകാതം ദൂരെ ഞങ്ങൾ നങ്കൂരമിട്ടു. കാപ്യ (കാപ്പാട്) എന്ന ഈ പട്ടണത്തെ ഞങ്ങളുടെ വഴികാട്ടി കലെക്കുറ്റ് എന്ന് തെറ്റിദ്ധരിച്ചതിനാലാണ് ഇപ്രകാരം ചെയ്തത്. അൽപ്പം ദൂരെയായി പന്തരിനി (പന്തലായിനി) എന്ന പട്ടണവുമുണ്ട്. നാല് വഞ്ചികളിലായി കരയിൽ നിന്നു പുറപ്പെട്ട കുറേപ്പേർ ഞങ്ങളെ സമീപിച്ചു. അവർക്ക് അറിയേണ്ടത് ഞങ്ങൾ ഏതു നാട്ടുകാർ ആണെന്നായിരുന്നു. കലെക്കുറ്റിലേക്കുള്ള വഴി അവർ ചൂണ്ടിക്കാട്ടി തന്നു.'

വാസ്ഗോഡഗാമയ്ക്കൊപ്പം കേരളത്തിലെത്തിയ പോർട്ടുഗീസ് നാവികൻ അൽവാരോ വെൻഹോവിന്റെ ഡയറിക്കുറിപ്പുകൾ

# 1498-ൽ കേരളത്തിലെത്തിയ പോർച്ചുഗീസുകാരുടെ ലക്ഷ്യമെന്തായിരുന്നു?

-കേരളവുമായി വ്യാപാര ബന്ധത്തിലേർപ്പെട്ടിരുന്ന അറബികളുടെയും ചൈനക്കാരുടെയും വ്യാപാര കുത്തക അവസാനിപ്പിക്കുക.

-ഇതിനായി കോഴിക്കോട്ടെ ഭരണാധികാരിയായ സാമൂതിരിയോട് അറബി കച്ചവടക്കാരെ പുറത്താക്കണമെന്ന് പോർച്ചുഗീസുകാർ ആവശ്യപ്പെട്ടു.

–എന്നാൽ ഈ ആവശ്യം അംഗീകരിക്കാൻ സാമൂതിരി തയ്യാറായില്ല.

–കോഴിക്കോടിന്റെ ശത്രു രാജ്യമായ കൊച്ചിയിൽ താവളമുറപ്പിച്ച കേരളത്തിൽ ആധിപത്യം നേടാൻ പോർച്ചുഗീസുകാർ ശ്രമിച്ചു.

–കുഞ്ഞാലിമരക്കാരുടെ നേതൃത്വത്തിൽ സാമൂതിരിയുടെ നാവികപട പോർച്ചുഗീസുകാരെ അറബിക്കടൽ ശക്തമായി എതിർത്തെങ്കിലും വിജയിക്കാനായില്ല.

കേരളത്തിലെത്തിയ പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും ഫ്രഞ്ചുകാരുടെയും ഇംഗ്ലീഷുകാരുടേയും മത്സരം എന്തിനു വേണ്ടിയായിരുന്നു.

–വ്യാപാര കുത്തക നേടുന്നതിന്.

(കുരുമുളകിന് വേണ്ടിയായിരുന്നു അവർ മത്സരിച്ചത്)

പോർച്ചുഗീസുകാരെ കേരളത്തിൽ നിന്നും തുരത്തിയത് ആര്?

–1663 ഡച്ചുകാർ പോർച്ചുഗീസുകാരെ കേരളത്തിൽ നിന്നു തുരുത്തി.

# ബ്രിട്ടീഷുകാർ ദക്ഷിണേന്ത്യയിലെ വ്യാപാരകുത്തക കൈക്കലാക്കിയത് എങ്ങനെ?

–ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ നടന്ന കർണ്ണാട്ടിക് യുദ്ധത്തിൽ ബ്രിട്ടീഷുകാർ വിജയിച്ചതോടെയാണ് ദക്ഷിണേന്ത്യയിലെ വ്യാപാരകുത്തക ബ്രിട്ടീഷുകാർക്ക് ലഭിച്ചത്.

# കേരളത്തിൽ  ബ്രിട്ടീഷുകാർ ആധിപത്യം സ്ഥാപിക്കാൻ ഇടയായയസാഹചര്യങ്ങൾ?

–ആറ്റിങ്ങൽ കലാപം.

–ശ്രീരംഗപട്ടണം സന്ധി.

–ബ്രിട്ടീഷ് മേൽകോയ്മ അംഗീകരിച്ചു
  കൊണ്ടുള്ള ഉടമ്പടികൾ.

BIJU KK, GHSS TUVVUR, MALAPPURAM 2021-22



BIJU KK, GHSS TUVVUR, MALAPPURAM 2021-22

# ആറ്റിങ്ങൽ കലാപത്തിന് ഇടയാക്കിയ സാഹചര്യവും അതിന്റെ ഫലവും എന്തെല്ലാം?

**(കേരളത്തിൽ ബ്രിട്ടീഷുകാർക്ക് നേരെ ഉണ്ടായ ആദ്യ സംഘടിത കലാപം)**

-1615 ൽ കേരളത്തിലെത്തിയ ക്യാപ്റ്റൻ കീലിങ് സാമൂതിരിയുമായി വ്യാപാര കരാറിൽ ഒപ്പ് വച്ചു.

-വിഴിഞ്ഞം, അഞ്ചുതെങ്ങ്, തലശ്ശേരി എന്നിവിടങ്ങളിൽ പാണ്ടികശാലകൾ ആരംഭിക്കാൻ കമ്പനി അനുമതി നേടി. സൈനികകേന്ദ്രമാക്കി മാറ്റി.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

–അഞ്ചുതെങ്ങ് സൈനികകേന്ദ്രമാക്കി മാറ്റിയതിൽ നാട്ടുകാർക്ക് ശക്തമായഎതിർപ്പുണ്ടായി.

–ആറ്റിങ്ങൽ റാണിക്ക് സമ്മാനവുമായി പോയ 150 ബ്രിട്ടീഷുകാരെ നാട്ടുകാർവധിച്ചത് ആറ്റിങ്ങൽകലാപം എന്നറിയപ്പെടുന്നു.

–ആറ്റിങ്ങൽ കലാപം കേരളത്തിൽ ബ്രിട്ടീഷുകാർക്ക് നേരെ ഉണ്ടായ ആദ്യ സംഘടിത കലാപമാണ്.

–ആറ്റിങ്ങൽ കലാപം ബ്രിട്ടീഷുകാർ അടിച്ചമർത്തി ആറ്റിങ്ങൽ പിടിച്ചെടുത്തു.

## മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലായത് എങ്ങനെ?

-1792-ൽ മൈസൂർ ഭരണാധികാരികളും ബ്രിട്ടീഷുകാരും തമ്മിൽ ഒപ്പിട്ട ശ്രീരംഗപട്ടണം സന്ധിപ്രകാരമാണ് മലബാർ ബ്രിട്ടീഷുകാർ കൈവശപ്പെടുത്തിയത്.

-1792-ൽ കൊച്ചി രാജാവ് ബ്രിട്ടീഷ് മേൽകോയ്മ അംഗീകരിച്ച് ബ്രിട്ടീഷുകാർക്ക് നികുതി നൽകി.

-1795-ലെ ഉടമ്പടി പ്രകാരം തിരുവിതാംകൂർ ബ്രിട്ടീഷ്മേൽ കോയ്മ അംഗീകരിച്ചു, പകരം ബ്രിട്ടീഷുകാർ ശത്രുക്കളിൽ നിന്നും തിരുവിതാംകൂറിനു സംരക്ഷണം നൽകി.

-മലബാർ ബ്രിട്ടീഷുകാർ നേരിട്ടും കൊച്ചിയും, തിരുവിതാംകൂറും സാമന്തരാജാക്കന്മാർ വഴിയും ഭരിച്ചു.



PLAY

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# പഴശ്ശി കലാപങ്ങൾ കാരണം, ഫലങ്ങൾ

–ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മലബാറിൽ നടന്ന ശക്തമായ ചെറുത്തുനിൽപ്പിന് നേതൃത്വം നൽകിയത് മലബാറിലെ കോട്ടയം രാജകുടുംബത്തിലെ കേരളവർമ പഴശ്ശിരാജയാണ്.

–മൈസൂർ ഭരണാധികാരികൾക്കെതിരെയുള്ളയുദ്ധത്തിൽ ബ്രിട്ടീഷുകാരെ സഹായിച്ചതിന് പകരമായി കോട്ടയം പ്രദേശത്തെ നികതി പിരിക്കാനുള്ള അധികാരം ബ്രിട്ടീഷുകാർ പഴശ്ശിരാജയ്ക്ക് വാഗ്ദാനം ചെയ്തിരുന്നു.

–എന്നാൽ വിജയിച്ച ശേഷം വാഗ്ദാനം നിറവേറ്റാൻ ബ്രിട്ടീഷുക്കാർ തയ്യാറായില്ല.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

–കൂടാതെ വയനാടിന് മേൽ ബ്രിട്ടീഷുകാർ അവകാശം ഉന്നയിക്കുകയും ചെയ്തു.

–ഇതാണ് പഴശ്ശിരാജയെ ജനങ്ങളെ സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ പ്രേരിപ്പിച്ചത്.

–ചെമ്പൻപോക്കർ, കൈതേരി അമ്പുനായർ, എടച്ചേന കുങ്കൻനായർ, വയനാട്ടിലെ കുറിച്യ നേതാവായ തലക്കൽ ചന്തു എന്നിവരുടെ സഹായത്താൽ പ്രഴശ്ശിരാജ ഒളിപ്പോർ നടത്തി.

–പോരാട്ടത്തിനിടയിൽ 1805 നവംബർ 30 ന് പഴശ്ശിരാജാ വധിക്കപ്പെട്ടു.



PLAY

BIJU KK, GHSS TUVVUR, MALAPPURAM 2021-22

## വേലുത്തമ്പി ദളവയുടെ കുണ്ടറവിളംബരത്തിൽനിന്ന്...

"അന്യരുടെ രാജ്യങ്ങൾ വഞ്ചനകൊണ്ട് കൈയടക്കുന്നത് അവരുടെ വംശപാരമ്പര്യമാണ്. അങ്ങനെ ഒരു രാജ്യം അവരുടെ കൈപ്പിടിയിലമർന്നാൽ അവരുടെ പട്ടാളം അവിടത്തെ രാജധാനിയും കോട്ടയും തങ്ങളുടെ രക്ഷാശാസനത്തിൽ കൊണ്ടുവരും. രാജാവിന്റെയും അഭിജാതവർഗത്തിന്റെയും പരമ്പരാഗതമായ അന്തസ്സും പദവികളും ആചാരാനുഷ്ഠാനങ്ങളും എല്ലാം അതോടെ അവസാനിക്കും. ഉപ്പുൾപ്പെടെയുള്ള എല്ലാ വ്യാപാരങ്ങളും അവരുടെ കുത്തകയാകും. വസ്തുക്കളും വീടും വയലുകളും ഫലവൃക്ഷത്തോട്ടങ്ങളും അവരുടേതാകും. ഏറ്റവും നിസ്സാരമായ കുറ്റങ്ങൾക്കുപോലും അവരുടെ നികൃഷ്ട ജന്മാക്കളായ കിങ്കരന്മാർ കഠിനശിക്ഷ നൽകും..."

**അവലംബം : കൃഷ്ണചൈതന്യ, കേരളം, പേജ് – 51**



BIJU KK, GHSS TUVVUR, MALAPPURAM 2021-22

# ബ്രിട്ടീഷ് ചൂഷണങ്ങൾക്കെതിരെ കേരളത്തിൽ വിവിധ ഭാഗങ്ങളിൽ നടന്ന ആദ്യകാല ചെറുത്തുനിൽപ്പുകളും പ്രത്യേകതകളും പട്ടികപ്പെടുത്തുക.

| കലാപം | പ്രദേശം | കാരണം |
|---|---|---|
| പഴശ്ശി കലാപം | മലബാർ | തെറ്റായ നികുതിനയം |
| പാലിയത്തച്ചൻ | കൊച്ചി | ആഭ്യന്തരകാര്യങ്ങളിലെ ഇടപെടൽ |
| വേലുത്തമ്പി ദളവ | തിരുവിതാംകൂർ | ആഭ്യന്തരകാര്യങ്ങളിലെ ഇടപെടൽ |
| കുറിച്യകലാപം | വയനാട് | തെറ്റായ നികുതിനയം |
| മാപ്പിള ലഹള | മലബാർ | കർഷകരുടെ അസംതൃപ്തി |

## കേരളം ലോക കമ്പോളത്തിന്റെ ഭാഗമായിമാറാൻ ഇടയായ സാഹചര്യം വ്യക്തമാക്കുക

-ബ്രിട്ടീഷുകാർ കേരളത്തിന്റെ ഭരണം ഏറ്റെടുത്തതോടെ കേരളത്തിലെ ഉൽപ്പന്നങ്ങൾ ചുരുങ്ങിയ വിലക്ക് വാങ്ങി അവരുടെ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുവായി ഉപയോഗിച്ചു.

-ബ്രിട്ടീഷുകാരുടെ വ്യവസായങ്ങളിൽ നിർമിച്ച ഉൽപ്പന്നങ്ങൾ കേരളത്തിന്റെ കമ്പോളങ്ങളിൽ വൻ വിലക്കു വിറ്റഴിച്ചു.

-ഇതോടെ കേരളത്തിന്റെ സ്വയംപര്യാപ്ത ഗ്രാമീണ സമ്പദ്‌വ്യവസ്ഥ തകർന്നു.

-ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ വിദേശവ്യാപാരം വൻതോതിൽ വർധിച്ചു.

-അങ്ങനെ കേരളം ലോക കമ്പോളത്തിന്റെ ഭാഗമായിമാറി.

| കയറ്റുമതി | ഇറക്കുമതി |
|---|---|
| • നാളികേരം | • തുണിത്തരങ്ങൾ |
| • ശർക്കര | • മണ്ണെണ്ണ |
| • കശുവണ്ടി | • പുകയില |
| • കുരുമുളക് | • പഞ്ചസാര |
| • അടക്ക | • ലോഹഉൽപ്പന്നങ്ങൾ |
| • ഇരുമ്പയിര് | |

## വ്യാപാരം മെച്ചപ്പെടുത്തുന്നതിനായി ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികളും, ഫലങ്ങളും വിശദമാക്കുക.


–മലബാറിലും, കൊച്ചിയിലും, തിരുവിതാംകൂറിലും നിലനിന്ന വ്യാപാര നിയമങ്ങൾ തങ്ങൾക്കനുകൂലമായി ബ്രിട്ടീഷുകാർ ഭേദഗതിചെയ്തു.

–ഏകീകരിച്ച നാണയവ്യവസ്ഥയും അളവു തുക്ക സമ്പ്രദായങ്ങളും നടപ്പിലാക്കി.

–ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി റോഡുകളും, പാലങ്ങളും, റെയിൽപാളങ്ങളും പണിതു.

–കൊച്ചി ,കോഴിക്കോട്, ആലപ്പുഴ എന്നിവിടങ്ങളിൽ തുറമുഖങ്ങൾ വികസിപ്പിച്ചു.

## റെയിൽപാത



കേരളത്തിലെ ആദ്യത്തെ റെയിൽപ്പാത നിർമിച്ചത് ബ്രിട്ടീഷുകാരാണ്. ബേപ്പൂർ മുതൽ തിരൂർ വരെ നീണ്ടുകിടക്കുന്ന ഈ റെയിൽപ്പാത 1861 ലാണ് നിർമിച്ചത്. അസംസ്കൃതവസ്തുക്കൾ കൊണ്ടുപോകുന്നതിനും വ്യവസായ ഉൽപ്പന്നങ്ങൾ വിദൂരഗ്രാമങ്ങളിൽപ്പോലും എത്തിക്കുന്നതിനും റെയിൽവേയെ ബ്രിട്ടീഷുകാർ ഉപയോഗപ്പെടുത്തി.

ഭൂബന്ധങ്ങളിലുണ്ടായ മാറ്റം കേരളത്തിന്റെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ ഏവ?(ബ്രിട്ടീഷ് ഭരണകാലത്ത് കർഷകരുടെ ജീവിതം കൂടുതൽ പരിതാപകരമായിമാറിയതെങ്ങനെ)

–ബ്രിട്ടീഷ് ഭരണകാലത്തും മണ്ണിൽ പണിയെടുക്കുന്ന കർഷകന് ഭൂമിയുടെമേൽ അവകാശം ഉണ്ടായിരുന്നില്ല.

–പ്രാദേശിക നാടുവാഴികളും ജന്മിമാരും ഭൂവുടമകൾ ആവുകയും അവർ ബ്രിട്ടീഷുകാർക്ക് കൊടുക്കേണ്ട നികുതി മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു.

–ബ്രിട്ടീഷുകാരും നാടുവാഴികളും ജന്മിമാരും കർഷകരുടെമേൽ അമിത നികുതി ചുമത്തി.

–ഇതുമൂലം കർഷകരുടെ ജീവിതം കൂടുതൽ പരിതാപകരമായി മാറി.

ഫലം (കേരളത്തിലെ കർഷകർക്ക് ഭൂമിയുടെമേൽ അവകാശം ലഭിച്ചസാഹചര്യം വ്യക്തമാക്കുക.)

-ഇതിനെതിരെ കർഷകർ ബ്രിട്ടീഷുകാർക്കും ജന്മിമാർക്കുമെതിരെ കലാപങ്ങൾ സംഘടിപ്പിച്ചു (മലബാർ കലാപം)

-കലാപത്തിന് ശേഷം 1929-ലെ മലബാർ കുടിയായ്മനിയമപ്രകാരം മലബറിലെ കർഷകർക്ക് ഭൂമിയുടെ മേൽ നാമമാത്ര അകാശം ലഭിച്ചു.

-തിരുവിതാംകൂറിൽ 1865-ലെ പണ്ടാരപാട്ട വിളംഭരപ്രകാരവും, 1896-ലെ ജന്മി കുടിയാൻ നിയമ പ്രകാരവും കർഷകർക്ക് ഭൂമിയുടെമേൽ അകാശം ലഭിച്ചു.

-1914ലെ കുടിയായ്മനിയമ പ്രകാരം കെച്ചിയിലെ കർഷകർക്ക് ഭൂമിയുടെമേൽ അകാശം ലഭിച്ചു.

| | | |
|---|---|---|
| • തിരുവിതാംകൂർ | 1865 | • പണ്ടാരപാട്ട വിളംബരം |
| • കൊച്ചി | 1914 | • കുടിയായ്മ നിയമം |
| • മലബാർ | 1929 | • മലബാർ കുടിയായ്മ നിയമം |

കൃഷിയിലെ വാണിജ്യവൽക്കരണം കേരളത്തിന്റെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ ഏവ?

–നെല്ലിനു പകരം തെങ്ങ്, കാപ്പി, തേയില, ഏലം, റബ്ബർ, തേക്ക് എന്നിവ കൃഷി ചെയ്യാൻ തുടങ്ങി.

–യൂറോപ്പിലെ മാർക്കറ്റിൽ ആവശ്യക്കാർ കൂടുതലുള്ള ഉൽപന്നങ്ങൾ കൃഷിചെയ്യാൻ തുടങ്ങി.

വിഡിയോ

–തോട്ടങ്ങൾ ഭൂരിഭാഗവും ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലായി.

–ഇതോടെ കേരളത്തിലെ പരമ്പരാഗത കൃഷി തകരുകയും കൃഷിയിലൂടെ ലഭിക്കുന്ന സമ്പത്ത് ബ്രിട്ടൻ കൊള്ളയടിക്കുകയും ചെയ്തു.

# കോനോലി പ്ലോട്ട്



വ്യാപാരാവശ്യത്തിനുള്ള കപ്പലുകൾ നിർമിക്കുന്നതിന് വൻതോതിൽ തേക്കുമരങ്ങൾ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ആവശ്യമായി വന്നു. തേക്കിനു പറ്റിയ മലബാറിലെ വളക്കൂറുള്ള മണ്ണിൽ തേക്കുമരങ്ങൾ വച്ചുപിടിപ്പിക്കാൻ കലക്ടറായ ഹെൻറി വാലന്റൈൻ കോനോലിയെ കമ്പനി ചുമതലപ്പെടുത്തി. നിലമ്പൂർ മേഖലയിലെ 1500 ഏക്കറിലും കോനോലി (1823 – 38) തേക്ക് വച്ചു പിടിപ്പിച്ചു. ഇതു പിന്നീട് കോനോലി പ്ലോട്ട് എന്നറിയപ്പെട്ടു.

# പരമ്പരാഗത തോട്ടവ്യവസായങ്ങൾ കേന്ദ്രങ്ങൾ

| പരമ്പരാഗത തോട്ടവ്യവസായങ്ങൾ | കേന്ദ്രങ്ങൾ |
|---|---|
| തെയില, കാപ്പി | ഇടുക്കി, വയനാട് |
| വെളിച്ചെണ്ണ, കയർ | ആലപ്പുഴ 1859 |
| കശുവണ്ടി | കൊല്ലം PLAY |
| കൈത്തറി | കണ്ണൂർ, കോഴിക്കോട്; |
| ഓട് PLAY | ഫറോക്ക്, കൊല്ലം, ഒല്ലൂർ |
| ബീഡി PLAY | കണ്ണൂർ |

ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിലെ വ്യാവസായിക പുരോഗതിയ്ക്ക് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുക (വ്യാവസായിക പുരോഗതി വിവരിക്കുക).

-തിരുവിതാംകൂറിലും കൊച്ചിയിലുമാണ് ആധുനികവ്യവസായങ്ങൾ സ്ഥാപിച്ചത്.

-തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണാധികാരികൾ ആധുനികവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയംസ്വീകരിച്ചു.

-ബ്രിട്ടീഷുകാർ വ്യവസായങ്ങൾക്കാവശ്യമായ സാങ്കേതിക സാമ്പത്തികസഹായം നൽകി.


-പള്ളിവാസലിൽ വൈദ്യുതിനിലയം സ്ഥാപിച്ചത് ആധുനിക വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തി.

PLAY

–പുനലൂർ പേപ്പർമിൽ
–കളമശ്ശേരിയിലെ ഫാക്ട്,
–കുണ്ടറ സിറാമിക്സ്
–തിരുവനന്തപുരത്തെ റബ്ബർവർക്സ്,
–കൊച്ചിയിലെ ടാറ്റാഓയിൽമിൽ
–കൊച്ചിയിലെഅളഗപ്പതുണിമിൽ, എന്നീ
വ്യവസായങ്ങളാരംഭിച്ചു.


–ബാങ്കുകൾ ആരംഭിച്ചു.
–ആദ്യ സ്വകാര്യ ബാങ്ക് – നെടുങ്ങാടി ബാങ്ക്

–ഇംപീരിയൽ ബാങ്ക്, ഇന്ത്യൻ നാഷണൽബാങ്ക്, ചാർട്ടേഡ് ബാങ്ക് എന്നിവ നിലവിൽ വന്നു.


മലയാളത്തിൽ
അച്ചടിച്ച
ഒന്നാമത്തെ പുസ്തകം
സംക്ഷേപവേദാർത്ഥം
ഫാദർ ക്ലെമന്റ് പിയാനിയസ്



ബെഞ്ചമിൻ ബെയ്‌ലി



ഹെർമൻ ഗുണ്ടർട്ട്

# കേരളത്തിലെ ആദ്യകാല പുസ്തകങ്ങളും തയ്യാറാക്കിയവരും.

| | |
|---|---|
| മലയാളത്തിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥം | ഡോ.ആഞ്ചലോസ് ഫ്രാൻസിസ് |
| മലയാള ഭാഷയിലെ ആദ്യ നിഘണ്ടു | അർണോസ് പാതിരി |
| മലയാള ഭാഷയിൽ അച്ചടിച്ച ആദ്യ ഗ്രന്ഥം | സംക്ഷേപവേദാർത്ഥം |
| ഇംഗ്ലീഷ് – മലയാളം നിഘണ്ടു | ബെഞ്ചമിൻ ബെയ്‌ലി |
| മലയാളം–ഇംഗ്ലീഷ് നിഘണ്ടു, മലയാളത്തിലെ ആദ്യ പത്രം–രാജ്യ സമാചാരം, പശ്ചിമോദയം | ഹെർമൻ ഗുണ്ടർട്ട് |

| മിഷനറിസംഘം | പ്രവർത്തനമേഖല |
| --- | --- |
| • ലണ്ടൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്.) | • തിരുവിതാംകൂർ |
| • ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.) | • കൊച്ചി, തിരുവിതാംകൂർ |
| • ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (ബി.ഇ.എം.) | • മലബാർ |

1817 ൽ തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിയ ഭരണാധികാരി ?



ഗൗരി പാർവതി ഭായി.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

ബ്രിട്ടീഷുകാരുടെ വരവോടെ കേരളത്തിന്റെ നിയമ രംഗത്തും, ആരോഗ്യരംഗത്തും വന്ന മാറ്റങ്ങൾ ഏവ?

## നിയമരംഗം

-നീതിന്യായ വ്യവസ്ഥ പരിഷ്ക്കരിച്ചു.

-കുറ്റവാളികളുടെ വാദം കേട്ടശേഷം കുറ്റത്തിന്റെ സ്വഭാവമനുസരിച്ച് ഏകീകൃത ശിക്ഷാവിധികൾ നടപ്പിലാക്കി.

വിഡിയോ

-ജാതിക്കതീതമായി നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരായി.

-കേസുകൾ വിചാരണചെയ്യാൻ കോടതികൾ സ്ഥാപിച്ചു.

അരോഗ്യ രംഗം

Videos

–പരമ്പരാഗത ആയൂർവേദ ചികിത്സയുടെ സ്ഥാനത്ത് അലോപതി ചികിത്സ ആരംഭിച്ചു.

–വസൂരി തടയാനുള്ള കുത്തിവയ്പ് ആദ്യമായി മലബാറിൽ നടത്തി.

–തിരുവിതാംകൂറിൽ ഇംഗ്ലണ്ടിൽ നിന്നും മരുന്നുവരുത്താൻ രാജാവ് ഒരു കമ്പനിയെ ഏൽപ്പിച്ചു.

–മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിൽ സർക്കാർ ആശുപത്രികൾ സ്ഥാപിച്ചു.



## കേരളം ഒരു ഭ്രാന്താലയം

"മലബാറിൽ (കേരളം) ഞാൻ കണ്ടതിനേക്കാൾ കവിഞ്ഞ ഒരു വിഡ്ഢിത്തം ഇതിനുമുമ്പ് എവിടെയും കണ്ടിട്ടില്ല. സവർണർ നടക്കുന്ന വഴിയിൽക്കൂടി അവർണന് നടന്നുകൂടാ... ഈ മലബാറുകാരെല്ലാം ഭ്രാന്തന്മാരാണ്... അവരുടെ വീടുകൾ അത്രയും ഭ്രാന്താലയങ്ങൾ....

*(സ്വാമി വിവേകാനന്ദൻ - 1897, മദിരാശി)*

| സാമൂഹികപരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ/ പ്രവർത്തനങ്ങൾ |
|---|---|
| • വൈകുണ്ഠസ്വാമികൾ | • സമത്വസമാജം |
| • ചട്ടമ്പിസ്വാമികൾ | • കൂട്ടുകുടുംബവ്യവസ്ഥ, സംബന്ധം, മരുമക്കത്തായം എന്നിവയ്ക്കെതിരെ പോരാടി. |
| • ശ്രീനാരായണഗുരു | • ശ്രീനാരായണധർമപരിപാലനയോഗം |
| • കുര്യാക്കോസ് ഏലിയാസ് ചാവറ | • അനാഥാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു. |
| • അയ്യങ്കാളി | • സാധുജനപരിപാലനസംഘം |
| • വക്കം അബ്ദുൽഖാദർ മൗലവി | • തിരുവിതാംകൂർ മുസ്ലിം മഹാജനസഭ |
| • വാഗ്ഭടാനന്ദൻ | • ആത്മവിദ്യാസംഘം |
| • സഹോദരൻ അയ്യപ്പൻ | • സഹോദരപ്രസ്ഥാനം |
| • പണ്ഡിറ്റ് കെ.പി. കറുപ്പൻ | • അരയസമാജം |
| • മന്നത്ത് പത്മനാഭൻ | • നായർ സർവീസ് സൊസൈറ്റി |
| • വി.ടി. ഭട്ടതിരിപ്പാട് | • യോഗക്ഷേമസഭ |
| • കുമാരഗുരു ദേവൻ | • പ്രത്യക്ഷരക്ഷാദൈവസഭ |

## കേരളത്തിലെ  സാമൂഹികമാറ്റത്തിന് സഹായിച്ച സംഭവങ്ങൾ

<u>ചാന്നാർകലാപം</u>


-മാറുമറക്കുന്നതിനുള്ള അവകാശത്തിനായി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ നടത്തിയ പോരാട്ടം.

-ഇതിന്റെ ഫലമായി 1859-ൽ ഉത്രംതിരുനാൾ മഹാരാജാവ് ചാന്നാർ സ്ത്രീകൾക്ക് ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം അനുവദിച്ചു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# ദൈവദശകവും
# ആത്മോപദേശശതകവും





*ആഴമേറും നിൻ മഹസ്സാ-*
*മാഴിയിൽ ഞങ്ങളാകവേ*
*ആഴണം വാഴണം നിത്യം*
*വാഴണം വാഴണം സുഖം.*

(ശ്രീനാരായണഗുരു നൂറു വർഷം മുമ്പ് രചിച്ച പ്രാർഥനാഗീതമായ ദൈവദശകത്തിൽ നിന്നുള്ള വരികൾ).

*അവനിവനെന്നറിയുന്നതൊക്കെയോർത്താ-*
*ലവനിയിലാദിമമായൊരാത്മരൂപം*
*അവനവനാത്മസുഖത്തിനാചരിക്കു-*
*ന്നവയപരന്നു സുഖത്തിനായ് വരേണം.*

(ആത്മോപദേശശതകം 24-ാം ശ്ലോകം)

# ശ്രീനാരായണഗുരുവും അരുവിപ്പുറം പ്രതിഷ്ഠയും

-1888ലാണ് ശ്രീനാരായണ ഗുരു അരുവിപ്പുറം പ്രതിഷ്ഠ നടത്തിയത്.
-ക്ഷേത്ര കർമ്മവും പൂജകളും ചെയ്യാനുള്ള അവകാശം അവർണ്ണ സമുദായത്തിൽപ്പെട്ടവർക്ക് കൂടി നേടിയെടുക്കാൻ ഇതിലൂടെ കഴിഞ്ഞു.
-"ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്" എന്ന് അരുവിപ്പുറത്തെ ക്ഷേത്രത്തിനുമുന്നിൽ ശ്രീനാരായണഗുരു രേഖപ്പെടുത്തി.

-ക്ഷേത്രങ്ങളോട് അനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു.
-'വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ്' എന്ന പ്രഖ്യാപനത്തോടെ ആലുവയിൽ സർവ്വമത സമ്മേളനം വിളിച്ചുകൂട്ടി.


**BIJU KK, GHSS TUVVUR, MALAPPURAM 2021-22**



BIJU KK, GHSS TUVVUR, MALAPPURAM 2021-22



ടി.കെ. മാധവൻ



മന്നത്ത് പത്മനാഭൻ

## വൈക്കം സത്യാഗ്രഹം(1924)

PLAY

-സഞ്ചാരസ്വതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രധാനപെട്ട പ്രക്ഷോഭം.

-സമരത്തിന്റെ നേതാവ് ടി.കെ.മാധവൻ.

-മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സമരത്തോട് അനുഭാവം പ്രകടിപ്പിച്ച് സവർണജാഥ സംഘടിപ്പിച്ചു.

-ഫലം വൈക്കം ക്ഷേത്രത്തിന്റെ ചുറ്റുമുള്ള പൊതു നിരത്തിലൂടെ യാത്ര ചെയ്യാൻ അവർണ ജാതിക്കാർക്ക് അനുവാദം ലഭിച്ചു.



BIJU KK, GHSS TUVVUR, MALAPPURAM 2021-22



കെ. കേളപ്പൻ



എ.കെ. ഗോപാലൻ

# ഗുരുവായൂർ സത്യാഗ്രഹം(1931)

-ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിൽപ്പെട്ട ഹിന്ദുക്കൾക്കും പ്രവേശനം അനുവദിക്കണം എന്നാവശ്യപ്പെട്ട് നടന്നു.

-സമരത്തിന്റെ നേതാവ് കെ.കേളപ്പൻ.

-സമര വാളണ്ടിയർ എ.കെ.ഗോപാലൻ.

-ഫലം 1936 നവംബർ 12 ന് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരത്തിന് കാരണമായി.

-തുടർന്ന് മദിരാശി ക്ഷേത്രപ്രവേശനവിളംബരപ്രകാരം മലബാറിലും എല്ലാ ജാതിയിൽപ്പെട്ട ഹിന്ദുക്കൾക്കും പ്രവേശനം ലഭിച്ചു.

-കൊച്ചി രാജാവിന്റെ വിളംബരപ്രകാരം കൊച്ചിയിലും എല്ലാ ജാതിയിൽപ്പെട്ട ഹിന്ദുക്കൾക്കും പ്രവേശനം ലഭിച്ചു.

# ക്ഷേത്രപ്രവേശന വിളംബരം

**1936 നവംബർ 12നാണ് തിരുവിതാംകൂർ സർക്കാർ ക്ഷേത്രപ്രവേശന വിളംബരം നടത്തിയത്. ആ വിളംബരം ഇങ്ങനെ**

'നമ്മുടെ മതത്തിന്റെ പരമാർത്ഥതയും സ്വപ്രമാണതയും ഗാഢമായി ബോധ്യപ്പെട്ടും ആയത് ദൈവികമായ അനുശാസനത്തിലും സർവവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്ന് വിശ്വസിച്ചും അതിന്റെ പ്രവർത്തനത്തിൽ അത് ശതവർഷങ്ങളായി കാലപരിവർത്തനത്തിന് അനുയോജിച്ചുപോന്നുവെന്ന് ധരിച്ചും നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കുംതന്നെ അവരുടെ ജനനമോ ജാതിയോ സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉത്കണ്ഠയാലും നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കുകയും ആജ്ഞാപിക്കയും ചെയ്യുന്നതെന്തെന്നാൽ, സമുചിതമായ പരിതഃസ്ഥിതികൾ പരിരക്ഷിക്കുന്നതിനും ക്രിയാപദ്ധതികളും ആചാരങ്ങളും വച്ചുനടത്തുന്നതിനും നാം നിശ്ചയിക്കുകയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ജനനാലോ മതവിശ്വാസത്താലോ ഹിന്ദുവായ യാതൊരാൾക്കും നമ്മുടെയും ഗവൺമെന്റിന്റെയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ആരാധന നടത്തുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു'

**മഹാരാജ ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ**

**1112 തുലാം 27.**

**(പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ തെക്കേ കവാടത്തിന് സമീപം ഇംഗ്ലീഷിലുള്ള വിളംബരം ആലേഖനം ചെയ്ത ശിലാഫലകവും സ്ഥാപിച്ചു)**

**പേജ് 8,9 കാണുക**


മലബാർ
മലബാർ
കൊച്ചി
തിരുവിതാംകൂർ
നാട്ടുരാജ്യങ്ങൾ
ബ്രിട്ടീഷ് ഇന്ത്യ

ദേശീയസമരത്തിന്റെ ഭാഗമായി മലബാറിൽ നടന്ന സമരങ്ങൾ ഏവ?

-മലബാർ കലാപം(1921)

-1930-ലെ നിയമലംഘന പ്രസ്ഥാനം
(ഉപ്പു സത്യാഗ്രഹം)

-കയ്യൂർ, മൊറാഴ, കരിവെള്ളൂർ സമരങ്ങൾ

-ക്വിറ്റ് ഇന്ത്യാ സമരം(1942)

# മലബാർ ജില്ലാ കോൺഗ്രസ്

-മലബാർ ജില്ലാ കോൺഗ്രസിന്റെപ്രഥമ സമ്മേളനം 1916 പാലക്കാട്ടു വച്ച് നടന്നു
-ആനി ബസന്റാണ് അദ്ധ്യക്ഷം വഹിച്ചത്.

-കെ പി കേശവമേനോൻ, കെ പി രാമൻ മേനോൻ, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കെ മാധവൻനായർ, മൊയ്തു മൗലവി, എ പി നാരായണമേനോൻ തുടങ്ങിയവർ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

-1920 ൽ മഞ്ചേരിയിൽ നടന്ന അവസാന മലബാർ രാഷ്ട്രീയ സമ്മേളനത്തിൽ ഭരണപരിഷ്കരണം, കുടിയാൻ പ്രശ്നം, ഖിലാഫത്ത് തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

## ഖിലാഫത്ത് പ്രസ്ഥാനം

-1920-ൽ കട്ടിലശ്ശേരി മുഹമ്മദ് മൗലവി പ്രസിഡന്റായും മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ് സെക്രട്ടറിയായും ഖിലാഫത്ത് കമ്മറ്റി രൂപീകരിച്ചു.

-ഇതോടെഖിലാഫത്ത് പ്രസ്ഥാനം ശക്തിപ്പെട്ടു.
-ബ്രിട്ടീഷുകാരുമായി പലേടത്തും ഏറ്റുമുട്ടലുകളുണ്ടായി.

PLAY

## മലബാർ കലാപം(1921)

-ഏറനാട് വള്ളുവനാട് പൊന്നാനി എന്നീ താലൂക്കുകളിലെ മാപ്പിളമാരായ കർഷകർ നടത്തിയ പോരാട്ടങ്ങളാണിത്.

## 1930-ലെ നിയമലംഘന പ്രസ്ഥാനം(ഉപ്പു സത്യാഗ്രഹം)

-മലബാറിൽ കെ.കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂരിലും, മുഹമ്മദ് അബ്ദുറഹ്മാന്റെ നേതൃത്വത്തിൽ കോഴിക്കോട്ടും ഉപ്പുനിയമം ലംഘിച്ച് ഉപ്പുണ്ടാക്കി.

-വിദേശവസ്തു ബഹിഷ്ക്കരണം, മദ്യഷോപ്പ് പിക്കറ്റിങ്ങ്, ഖാദി പ്രചരണം, എന്നിവ നടന്നു.

# കയ്യൂർ, മൊറാഴ, കരിവെള്ളൂർ സമരങ്ങൾ

–കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്നു.
–ഗാന്ധിജി നിയമലംഘന പ്രസ്ഥാനം പിൻവലിച്ചതിൽ പ്രതിഷേധിച്ച് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി (1934) രൂപീകരിച്ചു.
–1939 ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയായി മായി മാറി.
–നേതാക്കൻമാർ: ഇ.എം.എസ്, എ.കെ.ഗോപാലൻ, പി.കൃഷ്ണപിള്ള എന്നിലരായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർ.
–ഇവർ കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിച്ച് ജന്മിത്തത്തിനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുമെതിരെയാണ് കയ്യൂർ, മൊറാഴ, കരിവെള്ളൂർ സമരങ്ങൾ സംഘടിപ്പിച്ചത്.

## മൊറാഴ സമരം

-മൊറാഴ സമരം നടന്നത് - 1940 ൽ,
-കണ്ണൂർ ജില്ലയിലാണ് മൊറാഴ,
-കാരണം രണ്ടാംലോകയുദ്ധത്തിനും ബ്രിട്ടീഷുകാരുടെ മർദ്ദനമുറകൾക്കുമെതിരെ.

## കയ്യൂർ സമരം

-നടന്നത് 1941-ൽ
-ജന്മിത്തത്തിനെതിരെ നടന്നു.
-സമരക്കാരിൽ നിന്നുള്ള ആക്രമണത്തെ ഭയന്ന് സുബ്ബരായൻ എന്ന പോലീസുകാരൻ പുഴയിൽ ചാടി മരിച്ചതോടെ ബ്രിട്ടീഷുകാർ സമരത്തെ രൂക്ഷമായി നേരിട്ടു.

## കരിവെള്ളൂർ സമരം

-കരിവെള്ളൂർ സമരം നടന്നത് - 1946ൽ
-കണ്ണൂർ ജില്ലയിലാണ് കരിവെള്ളൂർ
-പ്രഭുക്കൻമാരുടെ പൂഴ്ത്തിവെപ്പിനെതിരെ നടന്നു.
-സമരനായിക കെ ദേവയാനി.

## ക്വിറ്റ് ഇന്ത്യാ സമരം(1942)

-ക്വിറ്റ് ഇന്ത്യാ സമരകാലഘട്ടത്തിൽ മലബാറിൽ സർക്കാർകെട്ടിടങ്ങൾ നശിപ്പിക്കൽ, പാലങ്ങൾ തകർക്കൽ, ടെലിഗ്രാഫ് കമ്പികൾ മുറിച്ചിടുക തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു.

-ഇതിൽ പ്രധാനപ്പെട്ടതാണ് കീഴാരിയൂർ ബോംബ് കേസ്.

-ഫറോക്ക്പാലം തകർക്കാൻ കെ.ബി.മേനോൻ, കുഞ്ഞിരാമകിടാവ് എന്നിവരുടെ നേതൃത്വത്തിൽ ഗൂഢാലോചന നടന്നു എന്നാരോപിച്ച് 27 പേർക്കെതിരെ കേസ് ഫയൽ ചെയ്തതാണ് കീഴാരിയൂർ ബോംബ് കേസ്.

ദേശീയസമരത്തിന്റെ ഭാഗമായി തിരുവിതാംകൂറിൽ നടന്ന സമരങ്ങൾ ഏവ?

-മലയാളിമെമ്മോറിയൽ(1891)

-ഈഴവമെമ്മോറിയൽ(1896)

-നിവർത്തന പ്രക്ഷോഭം(1932)

# മലയാളിമെമ്മോറിയൽ(1891)


–തിരുവിതാംകൂറിൽ രാഷ്ട്രീയപ്രക്ഷോപങ്ങളുടെ ആരംഭം കുറിക്കുന്നത് മലയാളിമെമ്മോറിയലോടുകൂടിയാണ്.

–സർക്കാർജോലികളിൽ തിരുവിതാംകൂറ്കാർക്ക് മതിയായ പ്രാതിനിധ്യം ആവശ്യപ്പെട്ടുകൊണ്ട് ബാരിസ്റ്റർ ജി.പ ി.പിള്ളയുടെ നേതൃത്വത്തിൽ പതിനായിരത്തിലധികം പേർ ഒപ്പിട്ട മെമ്മോറാണ്ടം മഹാരാജാവിനു സമർപ്പിച്ചു.

–ഇതാണ് മലയാളിമെമ്മോറിയൽ

എന്റെ ദൈവം കല്ലും മരവുമല്ലാ;
എന്റെ രാജാവ് അഴിമതിക്കാരായ രാജസേവകന്മാരുമല്ലാ.
എന്നെ നാടുകടത്തുന്ന രാജസേവകന്മാരുടെ പേരിൽ
ഭക്തിയില്ലെന്ന കുറ്റത്തിനാണെങ്കിൽ ആ ശിക്ഷാനിയമം
ആ സേവകന്മാരുടെ മനോരാജ്യത്തിൽ
നടപ്പാക്കപ്പെട്ടിട്ടുള്ള വകയായിരിക്കാം;
തിരുവിതാംകൂർ രാജ്യത്തിലെ ശിക്ഷാനിയമപ്രകാരമായിരിക്കയില്ല.
അല്ലെങ്കിൽ തന്നെ, നാടുകടത്തൽ, കാരാഗൃഹം മുതലായ
ശിക്ഷകളെ ഭയപ്പെടേണ്ട ആവശ്യം എനിക്കില്ല.
ഞാൻ എന്റെ രാജ്യത്തിലെ നിയമത്തെ ലംഘിക്കുന്നില്ല.
ആ ശിക്ഷകളെ ഭയപ്പെടേണ്ടവർ, കൊട്ടാരങ്ങളിൽ
കൊലപാതകം ചെയ്തും, സാധുജനങ്ങളുടെ
ധനാപഹാരം ചെയ്തും, യജമാനന്മാരെ ദ്രോഹിച്ചും
ഈശ്വര സങ്കൽപ്പത്തിന്നു വിരുദ്ധമായ മറ്റു അകൃത്യങ്ങൾ
പ്രവർത്തിച്ചും പാപക്കുണ്ടിൽ പതിച്ചിരിക്കുന്നവരാണ്

കെ. രാമകൃഷ്ണപിള്ള



# ഈഴവമെമ്മോറിയൽ(1896)

-ഡോ.പൽപ്പു ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാട്ടി മഹാരാജാവിനു സമർപ്പിച്ചു.

-'സ്വദേശാഭിമാനി' പത്രത്തിന്റെ പത്രാധിപരായ രാമകൃഷ്ണ പിള്ളയെ നാടുകടത്തിയത് വലിയ രാഷ്ട്രീയചലനങ്ങൾ ഉണ്ടാക്കി.

## നിവർത്തന പ്രക്ഷോഭം(1932)

–സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭകളിലും ജനസംഖ്യ ആനുപാതികമായി സംവരണം വേണമെന്നാവശ്യപ്പെട്ട് ക്രിസ്ത്യാനികളും, മുസ്ലിങ്ങളും, ഈഴവരും നടത്തിയ പ്രക്ഷോഭം.

–എൻ.വി.ജോസഫ്, പി.കെ.കുഞ്ഞ്, സി.കേശവൻ നേതൃത്വം വഹിച്ചു.

## പുന്നപ്ര വയലാർ സമരം

-ദിവാൻ സർ സി പി രാമസ്വാമി അയ്യരുടെ ഭരണപരിഷ്കാരങ്ങൾക്കെതിരെ 1946-ൽ നടന്നു.

-പുന്നപ്ര വയലാർ സമരത്തോടെ തൊഴിലാളികൾ രാഷ്ട്രീയരംഗത്തേക്ക് വന്നു.

**PLAY**

ദേശീയസമരത്തിന്റെ ഭാഗമായി കൊച്ചിയിൽ നടന്ന സമരം ഏത്?

ഇലക്ട്രിസിറ്റി സമരം

-ദിവാനായ ഷൺമുഖം ചെട്ടി വൈദ്യുതി വിതരണം സ്വകാര്യകമ്പനിയെ ഏൽപ്പിച്ചതിനെതിരെ നടന്ന സമരത്തോടെ കൊച്ചിയിൽ ഉത്തരവാദഭരണത്തിനായുള്ള പ്രക്ഷോഭങ്ങൾ ആരംഭിച്ചു.

-കൊച്ചി രാജ്യ പ്രജാമണ്ഡലം രൂപികൃതമായ ശേഷം പ്രക്ഷോഭങ്ങൾ ശക്തമായി.

-കൊച്ചി രാജ്യ പ്രജാമണ്ഡലത്തിന്റെ നേതാക്കൻമാർ ഇ.ഇക്കണ്ടവാര്യർ, പനമ്പള്ളി ഗോവിന്ദമേനോൻ, കെ.അയ്യപ്പൻ എന്നിവർ.

**കേരളത്തിൽ സ്ത്രീകൾ നേതൃത്വം വഹിച്ച ദേശീയ സമരങ്ങൾ.**

–മലബാർകലാപം,
–വിദേശവസ്തു ബഹിഷ്ക്കരണം,
–മദ്യഷാപ്പ് പിക്കറ്റിങ്,
–അയിത്തോച്ചാടനം,
–ഹരിജനോദ്ധാരണം,
–ഖാദിപ്രചാരണം എന്നിവയാണ് കേരളത്തിൽ സ്ത്രീകൾ നേതൃത്വം വഹിച്ച ദേശീയ സമരങ്ങൾ.

നമ്മുടെ നാട്ടിലെ സാമ്പത്തികവ്യവസ്ഥ ഏറ്റവും അതൃപ്തികരമായ ഒന്നാണ്. ഒരു വശത്ത് കുബേരൻമാർ സുഖിക്കുകയും മറുവശത്ത് 80% ആളുകളും ദുരിതം അനുഭവിക്കുകയുമാണ് ചെയ്യുന്നത്. ഈ സാമ്പത്തികവ്യവസ്ഥകൊണ്ട് പട്ടിണിയും പരിവട്ടവും ആയിട്ടാണ് നമ്മുടെ ആളുകൾ കഴിയുന്നത്. ഈ സാമ്പത്തികവ്യവസ്ഥ മാറാതെ തിരുവിതാംകൂറിൽ ഒരു ഭരണകൂടത്തിന് ജീവിക്കുവാൻ സാധ്യമല്ല. ഒരു സ്ഥിതി സമീകരണംകൊണ്ടു മാത്രമേ സാമ്പത്തികവ്യവസ്ഥ മാറുകയുള്ളൂ. ഭാവി തിരുവിതാംകൂർ ഒരു സോഷ്യലിസ്റ്റ് തിരുവിതാംകൂർ ആയാൽ മാത്രമേ തിരുവിതാംകൂറിന് നിലനിൽക്കുവാൻ സാധ്യമുള്ളൂ. അത് മാറുന്നത് ഒരു രക്തച്ചൊരിച്ചിൽ കൊണ്ടു മാത്രമേ സാധ്യമാകൂ എന്ന് ഞാൻ വിചാരിക്കുന്നില്ല. ഏതു സാമ്പത്തിക നീതിയും സമാധാനപരമായിരിക്കണം.

അവലംബം : വർക്കല ക്ഷേത്രമൈതാനത്തു വച്ചു കൂടിയ സ്റ്റേറ്റ് കോൺഗ്രസ് യോഗത്തിൽ മിസ് ആനിമസ്ക്രീൻ ചെയ്ത പ്രസംഗം
(സ്വാതന്ത്ര്യസമരസേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ, സംസ്ഥാന പുരാരേഖാ വകുപ്പ്)



- എ.വി.കുട്ടിമാളു അമ്മ മലബാറിൽ ദേശീയ സമരത്തിന്ന് നേതൃത്വം വഹിച്ചു

BIJU KK, GHSS TUVVUR, MALAPPURAM 2021-22





–അക്കമ്മ ചെറിയാൻ, ആനി മസ്ക്രീൻ

എന്നിവർ തിരുവിതാംകൂറിൽ ദേശീയ സമരങ്ങൾക്ക് നേതൃത്വം വഹിച്ചു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

ഐക്യകേരളത്തിലേക്കുനയിച്ച സംഭവങ്ങൾ വിശദമാക്കുക.

–1921 ൽ ഒറ്റപ്പാലത്ത് വച്ച് ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം നടന്നു.

–അദ്ധ്യക്ഷൻ ആന്ധ്രാകേസരി എന്നറിയപ്പെടുന്ന ബാരിസ്റ്റർ ടി.പ്രകാശമായിരുന്നു.

–തുടർന്ന് തിരുവിതാംകൂർ, കൊച്ചി. മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി നിലവിൽ വന്നു.

-1947-ൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ്സ് സമ്മേളനത്തിൽ സ്വാതന്ത്ര്യത്തിന് ശേഷം കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി പുനസ്സംഘടിപ്പിക്കണമെന്ന പ്രമേയം  അവതരിപ്പിച്ചു.

-1947-ൽ കേളപ്പന്റെ അദ്ധ്യക്ഷതയിൽ തൃശൂരിൽ ചേർന്ന ഐക്യകേരള കൺവെൺഷനിലും, സ്വാതന്ത്ര്യത്തിന് ശേഷം ആലുവയിൽ ചേർന്ന സമ്മേളനത്തിലും ഐക്യകേരള പ്രമേയം പാസാക്കി.

-1949 ജൂലൈ ഒന്നിന് തിരുവിതാംകൂറിനെയും കൊച്ചിയേയും സംയോജിപ്പിച്ച് തിരുക്കൊച്ചി സംസ്ഥാനം രൂപീകരിച്ചു.

-മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണമെന്ന് ഇ.എം.എസ്.നമ്പൂതിരിപ്പാട് 'ഒന്നേകാൽ കോടി മലയാളികൾ'  എന്ന ഗ്രന്ഥത്തിൽ ആവശ്യപ്പെട്ടു.

–തുടർന്ന് സംസ്ഥാന പുനസ്സംഘടനാ കമ്മീഷന്റെ ശുപാർശപ്രകാരം മലബാർ, തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളെ ഉൾപ്പെടുത്തി 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം നിലവിൽ വന്നു.

–തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന തോവാള, കൽക്കുളം, അഗസ്ത്തീശ്വരം, വിളവൻകോട്, എന്നീ താലൂക്കുകളെ മദിരാശി സംസ്ഥാനത്തിന് വിട്ടുകൊടുത്തു.

–തെക്കൻ കർണാടകത്തിന്റെ ഭാഗമായിരുന്ന കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കുകൾ കേരളത്തോട് ചേർത്തു.

## ഐക്യകേരള പ്രതിജ്ഞ



മൂന്നായ് മുറിഞ്ഞു കിടക്കുമീ കേരളം
ഒന്നാക്കുമെന്നായ് പ്രതിജ്ഞചെയ്യുന്നു നാം
നൂറ്റിരുപത്തഞ്ചു ലക്ഷം കരൾകളിൽ
ഒത്തു തുടിപ്പതീ സത്യാക്ഷരങ്ങളാം
രണ്ടരക്കോടി ബലിഷ്ഠഹസ്തങ്ങളീ
സംഗരത്തിങ്കലുണ്ടായുധമേന്തുവാൻ
ധൈര്യമുണ്ടെകിലെതിർത്തിനി നിൽക്കട്ടെ
ദൈവാധികാരവും സന്ധിപ്പഴമയും!
ശക്തിയുണ്ടെങ്കിലെതിർത്തിനി നിൽക്കട്ടെ
ധിക്കാരകാപട്യമർദനശക്തികൾ!
സ്വേച്ഛാധിപത്യം തകർത്തു, ബഹുജന-
സ്വച്ഛന്ദവാഴ്ച നടപ്പാക്കുമിങ്ങുനാം
ഒറ്റ ജനസഭ, ഒറ്റനീതിന്യായം
ഒറ്റ സർക്കാരിനിക്കേരളഭൂമിയിൽ!

*എൻ.വി. കൃഷ്ണവാരിയർ*

## ബ്രിട്ടീഷ് ഭരണകാലത്തിൽ കേരളത്തിലെ വ്യാപാരം മേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ

-ബ്രിട്ടീഷുകാർ കേരളത്തിന്റെ ഭരണം ഏറ്റെടുത്തതോടെ കേരളത്തിലെ ഉൽപ്പന്നങ്ങൾ ചുരുങ്ങിയ വിലക്ക് വാങ്ങി അവരുടെ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുവായി ഉപയോഗിച്ചു.

-ബ്രിട്ടീഷുകാരുടെ വ്യവസായങ്ങളിൽ നിർമിച്ച ഉൽപ്പന്നങ്ങൾ കേരളത്തിന്റെ കംമ്പോളങ്ങളിൽ വൻ വിലക്കു വിറ്റഴിച്ചു.

-കേരളത്തിന്റെ സ്വയംപര്യാപ്ത ഗ്രാമീണ സമ്പദ്‌വ്യവസ്ഥ തകർന്നു.

-ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ വിദേശവ്യാപാരം വൻതോതിൽ വർധിച്ചു.

-അങ്ങനെ കേരളം ലോകകംമ്പോളത്തിന്റെ ഭാഗമായിമാറി.

# ബ്രിട്ടീഷ് ഭരണകാലത്തിൽ കേരളത്തിലെ വ്യവസായ മേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ ഏവ?

–ബ്രിട്ടീഷ് മൂലധനത്തോടെ കേരളത്തിൽ തോട്ടവ്യവസായങ്ങൾ ആരംഭിച്ചു.

–കാപ്പി, തേയില, റബ്ബർ, കശുവണ്ടി, ഓട്, കൈത്തറി, ബീഡി വ്യവസായങ്ങൾ നിലവിൽ വന്നു.

–ആധുനിക വ്യവസായങ്ങൾ നിലവിൽ വന്നു.

–തിരുവിതാംകൂറിലെയും കൊച്ചിയിലെയും സമ്പന്നരുടെ കൂട്ടുടമസ്ഥതയിൽ വ്യവസായങ്ങൾ ആരംഭിച്ചു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

## ബ്രിട്ടീഷ് ഭരണകാലത്തിൽ കേരളത്തിലെ കാർഷിക മേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ

–ഭൂബന്ധങ്ങളിൽ മാറ്റം വന്നു, യഥാർത്ഥ കർഷക്ക് കൃഷിഭൂമിയിൽ അവകാശമില്ലാതായി.

–കൃഷിഭൂമി ജന്മിനാരുടെ നിയന്ത്രണത്തിലായി, അവർ കർഷകരിൽ നിന്നു അമിതമായി നികുതി പിരിച്ചു.

–അതിന്റെ ഫലനായി കാർഷിക കലാപങ്ങളുണ്ടായി.

–തുടർന്നുണ്ടായ മലബാർ കുടിയായ്മനിയമം, ജന്മികുടിയാൻ നിയമം, കുടിയായ്മ നിയമം എന്നില കർഷകരെ കൃഷിഭൂമിയുടെ നാമമാത്ര ഉടമകളാക്കി.

–കൃഷിയുടെ വാണിജ്യവൽക്കരണം കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ വരുത്തി.

–നെല്ലിനു പകരം തെങ്ങ്, കാപ്പി, തേയില, ഏലം, റബർ, തേക്ക് എന്നിവ കൃഷി ചെയ്യാൻ തുടങ്ങി.

–യൂറോപ്പിലെ മാർക്കറ്റിൽ ആവശ്യക്കാർ കൂടുതലുള്ള ഉൽപന്നങ്ങൾ കൃഷിചെയ്യാൻ തുടങ്ങി.

–തോട്ടങ്ങൾ ഭൂരിഭാഗവും ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലായി.

–ഇതോടെ കേരളത്തിലെ പരമ്പരാഗത കൃഷി തകരുകയും കൃഷിയിലൂടെ ലഭിക്കുന്ന സമ്പത്ത് ബ്രിട്ടൻ കൊള്ളയടിച്ചു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# കേരളത്തിൽ നിലനിന്ന അസമത്വങ്ങളും അനാചാരങ്ങളും പരിഷ്ക്കരണ പ്രസ്ഥാനങ്ങളും ബന്ധപ്പെട്ട വ്യക്തികളും.

| പ്രസ്ഥാനം | കാരണം | ബന്ധപ്പെട്ട വ്യക്തികൾ |
|---|---|---|
| ചാന്നാർ കലാപം | മാറുമറക്കുന്നതിനുള്ള അവകാശനിഷേധം | ചാന്നാർ സ്ത്രീകൾ |
| അരുവിപ്പുറം പ്രതിഷ്ഠ | അവർണസമുദായങ്ങൾക്ക് ക്ഷേത്രകർവും പൂജയും ചെയ്യുന്നതിനുള്ള നിഷേധം | ശ്രീനാരായണ ഗുരു |
| വൈക്കം സത്യാഗ്രഹം | വഴിനടക്കാനുള്ള അവകാശനിഷേധം | ടി.കെ.മാധവൻ |
| ഗുരുവായൂർ സത്യാഗ്രഹം | ഗുരുവായൂർക്ഷേത്രത്തിൽ എല്ലാ ജാതിയിൽ പെട്ട ഹിന്ദുക്കൾക്കും പ്രവേശിക്കുന്നതിനുള്ള അവകാശ നിഷേധം | കെ.കേളപ്പൻ |

കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന് ഐക്യരൂപമുണ്ടായിരുന്നില്ല കാരണമെന്ത്?

–കേരളത്തിൽ മലബാറിൽ ബ്രിട്ടീഷുകാർ നേരിട്ടും, കൊച്ചിയും തിരുവിതാംകൂറും റസിഡന്റ് മുഖേനയുമായിരുന്നു ഭരിച്ചിരുന്നത്.

–അതുകൊണ്ടു തന്നെ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും ജനങ്ങൾ അനുഭവിച്ച പ്രശ്നങ്ങളും വ്യത്യസ്തങ്ങളായിരുന്നു.

–മലബാറിൽ ബ്രിട്ടീഷുകാർ നേരിട്ട് ഭരണം നടത്തിയതിനാൽ ഇന്ത്യയിലൊട്ടാകെ നടന്ന ദേശീയസമരങ്ങൾ ഇവിടെയും നടന്നു.

-തിരുവിതാംകൂറിൽ ജനങ്ങൾക്ക് സർക്കാർ ജോലികളിൽ സംവരണവും പ്രാധിനിത്യവും അവശ്യപ്പെട്ടുകൊണ്ട് മലയാളി മെമ്മോറിയൽ , ഈഴവമെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം എന്നിവ നടന്നു.

-കൂടാതെ ദിവാൻ സർ സി.പി.രാമസ്വാമിഅയ്യരുടെ ഭരണപരിഷ്ക്കാരങ്ങൾക്കെതിരെ 1946-ൽ പുന്നപ്ര വയലാർ സമരം നടന്നു.

-കൊച്ചിയിൽ -ഇലക്ട്രിസിറ്റി സമരം

-ദിവാനായ ഷൺമുഖം ചെട്ടി വൈദ്യുതി വിതരണം സ്വകാര്യകമ്പനിയെ ഏൽപ്പിച്ചതിനെതിരെ നടന്ന സമരത്തോടെ കൊച്ചിയിൽ ഉത്തരവാദിത്വ ഭരണത്തിനായുള്ള പ്രക്ഷോഭങ്ങൾ ആരംഭിച്ചു.

–കൊച്ചി രാജ്യ പ്രജാമണ്ഡലം രൂപികൃതമായ ശേഷം പ്രക്ഷോഭങ്ങൾ ശക്തമായി.

–കൊച്ചി രാജ്യ പ്രജാമണ്ഡലത്തിന്റെ നേതാക്കൻമാർ ഇ.ഇക്കണ്ടവാര്യർ, പനമ്പള്ളി ഗോവിന്ദമേനോൻ, കെ.അയ്യപ്പൻ എന്നിവർ.

| സംഭവങ്ങൾ | വ്യക്തികൾ |
|---|---|
| കുണ്ടറ വിളംബരം | വേലുത്തമ്പി ദളവ |
| വൈക്കം സത്യാഗ്രഹം | ടി.കെ.മാധവൻ |
| ഗുരുവായൂർ സത്യാഗ്രഹം, പയ്യന്നൂർ ഉപ്പുസത്യാഗ്രഹം | കെ.കേളപ്പൻ |
| കീഴരിയൂർ ബോംബ്കേസ് | കെ.ബി.മേനോൻ, കുഞ്ഞിരാമകിടാവ് |
| സവർണ ജാഥ | മന്നത്ത് പത്മനാഭൻ |
| മലയാളി മെമ്മോറിയൽ | ബരിസ്റ്റർ ജി.പി.പിള്ള |
| ഈഴവ മെമ്മോറിയൽ | ഡോ.പൽപ്പു |
| നിവർത്തന പ്രക്ഷോഭം | എൻ.വി.ജോസഫ്, പി.കെ.കുഞ്ഞ്, സി.കേശവൻ |

# ALL THE BEST

BIJU KK

GHSS TUVVUR

MALAPPURAM - 9778300200